LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ നാളിതുവരെ ആറുഘട്ടങ്ങളിലായി 66363 പേർക്ക് കടാശ്വാസം ശിപാർശ ചെയ്തിട്ടുണ്ട്.

മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ മുഖേന 48044 മത്സ്യത്തൊഴിലാളികളുടെ കടബാദ്ധ്യത ഒഴിവാക്കിയിട്ടുണ്ട്. അർഹത കണ്ടെത്തിയ 18319 പേർക്ക് ഇനി കടാശ്വാസം അനുവദിക്കാനുണ്ട്.

(ബി) കമ്മീഷൻ കടാശ്വാസത്തിന് അർഹത കണ്ടെത്തി നാളിതുവരെ 6 ഘട്ടങ്ങളിലായി 66363 പേർക്ക് കടാശ്വാസം ശിപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടുകൾ താഴെ പറയുന്ന തീയതികളിലാണ് സമർപ്പിച്ചിട്ടുള്ളത് :

1-ാം മത് റിപ്പോർട്ട്	- 2009 നവംബർ
2-ാം മത് റിപ്പോർട്ട്	- 2-9-2010
3-ാം മത് റിപ്പോർട്ട്	- 24-9-2011
4-ാം മത് റിപ്പോർട്ട്	- 12-11-2012
5-ാം മത് റിപ്പോർട്ട്	- 27-4-2013
6-ാം മത് റിപ്പോർട്ട്	- 10-6-2014

തീരപ്രദേശങ്ങളിലെ മത്സ്യബന്ധനഇറമുഖങ്ങളുടെ അപര്യാപ്തതകൾ

145 (3777) ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ തീരപ്രദേശങ്ങളിലെ മത്സ്യബന്ധന ഇറമുഖങ്ങളുടെ അപര്യാപ്തതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് നിലവിൽ പ്രവർത്തനക്ഷമമായ എത്ര മത്സ്യബന്ധന ഇറമുഖങ്ങളും ഫിഷ് ലാൻഡിംഗ് കേന്ദ്രങ്ങളുമുണ്ടെന്നതിന്റെ വിശദവിവരം നൽകാമോ ;

(സി) നിർമ്മാണപ്രവർത്തനങ്ങൾക്ക് തുടക്കമിട്ട തുറമുഖങ്ങളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രവർത്തനക്ഷമമായ 12 മത്സ്യബന്ധന തുറമുഖങ്ങളും 19 ഫിഷ്‌ലാഡിംഗ് സെന്ററുകളും ഉണ്ട്. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

(സി) ഉണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്ന മത്സ്യബന്ധന തുറമുഖങ്ങളുടെ പ്രവർത്തന പുരോഗതി പല ഘട്ടങ്ങളിലായി വിലയിരുത്തുന്നുണ്ട്. എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ, ചീഫ് എഞ്ചിനീയർമാർ എന്നിവർ പല ഘട്ടങ്ങളിലായി സ്ഥല പരിശോധന നടത്തുകയും പുരോഗതി വിലയിരുത്തുന്നതിനായി പ്രതിമാസ അവലോകന യോഗങ്ങൾ ഡിവിഷൻ/സർക്കിൾ/ചീഫ് എഞ്ചിനീയറുടെ കാര്യാലയം എന്നിവിടങ്ങളിൽ നടത്തുന്നുമുണ്ട്. കൂടാതെ സെക്രട്ടറി തലത്തിലും മന്ത്രിതലത്തിലും അവലോകന യോഗങ്ങൾ നടത്തി പുരോഗതി വിലയിരുത്തുകയും ചെയ്യുവരുന്നു.

മത്സ്യത്തൊഴിലാളികളുടെ ഭവന വായ്പാ കുടിശ്ശിക

146 (T3778) ശ്രീ.ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജപ്തി നോട്ടീസിന്റെ അടിസ്ഥാനത്തിൽ കുടിശ്ശിക ഭവന വായ്പ, തിരിച്ചടച്ച മത്സ്യത്തൊഴിലാളികളെ, ടി തുക എഴുതിത്തള്ളുന്ന പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തുന്നില്ല എന്ന പരാതി പരിഹരിക്കാൻ നടപടി സ്വീകരിക്കാമോ ;

(ബി) 2012-ൽ മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന് അപേക്ഷ നൽകി 11-7-2014-ൽ തുക അനുവദിച്ചുകൊണ്ടുള്ള നോട്ടീസ് ജില്ലാ ബാങ്കിൽനിന്ന് ലഭിച്ചു. എന്നാൽ ബാങ്കിൽനിന്ന് തുക ലഭ്യമാകാൻ സർക്കാരിന്റെ പുതിയ ഉത്തരവ് ആവശ്യപ്പെടുന്നതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly